"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട്, കുന്നുമ്മൽ ഉപജില്ലയിൽ ഉൾപ്പെട്ട കള്ളാട്ട്, എൽ.പി. വിദ്യാലയത്തിലെ ലോവർ ഗ്രേഡ് അറബിക് അദ്ധ്യാപികയായ ശ്രീമതി. സുഹറ കെ-യ്ക്ക് ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.668/2026/GEDN തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:-

1. കോഴിക്കോട്, കുന്നുമ്മൽ, കള്ളാട്ട്, എൽ.പി. സ്കൂളിലെ ലോവർ ഗ്രേഡ് അറബിക് അദ്ധ്യാപികയായ ശ്രീമതി.സുഹറ കെ. സമർപ്പിച്ച 12/12/2024-ലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/04/2025-ലെ ജി2/ 6130/2025/ഡി.ജി.ഇ നമ്പർ കത്ത്.
3. കുന്നുമ്മൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ AEOKML/7/2025-B നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ഉപജില്ലയിൽ ഉൾപ്പെട്ട കള്ളാട്ട്, എൽ. പി. വിദ്യാലയത്തിൽ ലോവർ ഗ്രേഡ് അറബിക് ആയി തുടർ സേവനമുള്ള ശ്രീമതി. സുഹറ കെ-യ്ക്ക് പഠനാവശ്യത്തിനായി 21/04/25 മുതൽ 31/03/26 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപേക്ഷ തുടർനടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ, 22/04/2021-ലെ ജെ1/289/2019/പൊ.വി.വ നമ്പർ സർക്കുലർ പ്രകാരം അക്കാദമിക വർഷത്തിന്റെ അവസാനം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ 2026-2027 വർഷത്തിന്റെ ആരംഭത്തിൽ മാത്രമേ ടിയാളെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതുള്ളുവെന്നും അതോടൊപ്പം അവധിക്ക് ശേഷമുള്ള കാലയളവ് ക്രമീകരിക്കുന്നതിന് പ്രത്യേക അപേക്ഷ സമർപ്പിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ആയതു പ്രകാരം പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ പ്രസ്തുത വിഷയം പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ഉപജില്ലയിൽ ഉൾപ്പെട്ട കള്ളാട്ട്, എൽ. പി. വിദ്യാലയത്തിൽ ലോവർ ഗ്രേഡ് അറബിക് ആയി തുടർ സേവനമുള്ള ശ്രീമതി. സുഹറ കെ.-യ്ക്ക് പഠനാവശ്യത്തിനായി, 21/04/2025 മുതൽ 31/05/2026 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

3. അവധി സംബന്ധിച്ച വിവരങ്ങൾ ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുന്നുമ്മൽ, കോഴിക്കോട്.
ശ്രീമതി.സുഹറ കെ, ലോവർ ഗ്രേഡ് അറബിക് അദ്ധ്യാപിക, കള്ളാട്ട്, എൽ.പി. സ്കൂൾ, കുന്നുമ്മൽ, കോഴിക്കോട്.
ഹെഡ്മാസ്റ്റർ, കള്ളാട്ട്, എൽ.പി. സ്കൂൾ, കുന്നുമ്മൽ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( E - 3344802/EDN-A2/403/2025-FIN, തീയതി.24/12/2025-കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Salim M
Date:23-01-2026 17:00:23
സെക്ഷൻ ഓഫീസർ